ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.05.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) **രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവസാനഘട്ടത്തിലേക്കുള്ള നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന്.**

The scrutiny of the nominations for the final phase of Lok sabha elections to take place today.

2) **ലോക്സഭാ തിരഞ്ഞെടുപ്പിൻറെ വരും ഘട്ടങ്ങളിലേക്കുള്ള പ്രചാരണം ഊർജ്ജിതം; പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മഹാരാഷ്ട്രയിലും, കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഒഡീഷയിലും പ്രചാരണത്തിൽ.**

The campaigns intensified for the upcoming phases of Lok sabha elections. PM Narendra Modi will campaign in Maharashtra while Congress leader Rahul Gandhi is in Odisha today.

3) **കേരളത്തിൽ ഡ്രൈവിങ് ടെസ്റ്റ് പരിഷ്കരണവുമായി ബന്ധപ്പെട്ട് ഡ്രൈവിങ് സ്കൂൾ ഉടമകളുമായി സർക്കാർ ഇന്ന് ചർച്ച നടത്തും.**

In Kerala, the government will having a meeting with the driving school owners today regarding the modified driving test patterns.

4) **ഗസയിലെ റഫാ നഗരത്തിൽ ആക്രമണം ശക്തമാക്കി ഇസ്രായേൽ; ആക്രമണത്തിനെതിരെ നടപടി ആവശ്യപ്പെട്ടുള്ള ദക്ഷിണാഫ്രിക്കയുടെ ഹർജി അന്താരാഷ്ട്ര നീതിന്യായ കോടതി നാളെ ചർച്ച ചെയ്യും.**

Israel continues its attack on Rafah. The International Court of Justice (ICJ), would hold hearings tomorrow to discuss a request by South Africa seeking new emergency measures over the Rafah.

5) ഐപിഎൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയൻറ്സിനെതിരെ ഡൽഹി ക്യാപ്പിറ്റൽസിന് ജയം.

In IPL cricket, Delhi capitals won over Lucknow Super Giants.

********************************************

## HEADLINE -1

## LAST PHASE NOMINATIONS

ലോക്സഭാ തിരഞ്ഞെടുപ്പിൻറെ ഏഴാമത്തെയും അവസാനത്തെയും ഘട്ടത്തിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചു. പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടക്കും. വെള്ളിയാഴ്ചയാണ് നാമനിർദ്ദേശപത്രിക പിൻവലിക്കാനുള്ള അവസാനദിനം. ഏഴു സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തിലെയും 57 മണ്ഡലങ്ങളിലാണ് ഏഴാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക. ജൂൺ ഒന്നിനാണ് ഏഴാം ഘട്ടത്തിലെ വോട്ടെടുപ്പ് നടക്കുന്നത് . ഉത്തർപ്രദേശിലും പഞ്ചാബിലും 13 സീറ്റുകളിലും പശ്ചിമ ബംഗാളിലെ ഒൻപത് സീറ്റുകളിലും ബിഹാറിലെ എട്ടും ഒഡീഷയിലെ ആറും ഹിമാചൽ പ്രദേശിലെ നാലും സീറ്റുകളിലാണ് വിധിയെഴുതുക. അതോടൊപ്പം ഝാർഖണ്ഡിലെ മൂന്നും കേന്ദ്രഭരണ പ്രദേശമായ ചണ്ഡീഗഢിലെ ഒരു മണ്ഡലത്തിലും വോട്ടെടുപ്പ് നടക്കും.

********************************************

## HEADLINE -2

## ELECTION CAMPAIGN (INTRO)

ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവശേഷിക്കുന്ന ഘട്ടങ്ങളിലേക്കുള്ള പ്രചാരണം ഊർജ്ജിതം. മുതിർന്ന നേതാക്കളും താരപ്രചാരകരും സജീവമായി രംഗത്തുണ്ട്. വിശദാംശങ്ങളിലേക്ക്............

(വോയ്സ്)

പ്രധാനമന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ നരേന്ദ്രമോദി ഇന്ന് മഹാരാഷ്ട്രയിലെ ഡിണ്ടോരി, കല്യാണി, നോർത്ത് ഈസ്റ്റ് മുംബൈ എന്നീ ലോക്സഭാ മണ്ഡലങ്ങളിൽ പ്രചാരണം നടത്തും. ഇന്നലെ വാരാണസിയിൽ

നിന്ന് പ്രധാനമന്ത്രി നാമനിർദ്ദേശപത്രിക സമർപ്പിച്ചു. കേന്ദ്രമന്ത്രി അമിത്ഷാ ഒഡീഷയിലെ കട്ടക്കിൽ റോഡ്ഷോയിൽ പങ്കെടുക്കും. കോൺഗ്രസ് നേതാക്കളായ രാഹുൽഗാന്ധി ഒഡീഷയിലും, പ്രിയങ്കാഗാന്ധി ഉത്തർപ്രദേശിലുമാണ് ഇന്ന് പ്രചാരണം നടത്തുന്നത്. ഡൽഹി മുഖ്യമന്ത്രിയും ആംആദ്മി പാർട്ടി നേതാവുമായ അരവിന്ദ് കേജ് രിവാൾ ഉത്തർപ്രദേശിൽ പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യും. ബിഎസ്പി നേതാവ് മായാവതി ഉത്തർപ്രദേശിലെ ഭാണ്ഡ ലോക്സഭാ മണ്ഡലത്തിൽ തിരഞ്ഞെടുപ്പു റാലിയിൽ പങ്കെടുക്കുന്നുണ്ട്.

ന്യൂസ് ഡെസ്ക് ആകാശവാണി...

*********************************************

## REV. ECI-COMPLAINTS

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിന് ശേഷം 90 ശതമാനത്തിലധികം പരാതികളും തീർപ്പാക്കിയാതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ .425 പ്രധാന പരാതികൾ ലഭിച്ചതിൽ 400 എണ്ണത്തിൽ നടപടികൾ സ്വീകരിച്ചതായി കമ്മീഷൻ പ്രസ്താവനയിലൂടെ അറിയിച്ചു . കോൺഗ്രസ് 170, ബിജെപി 95 മറ്റ് പാർട്ടികൾ 160 എന്നിങ്ങനെയാണ് പരാതികൾ നൽകിയത്.

*********************************************

## CENTRE-LTTE BAN

എൽ ടി ടി ഇ നിരോധനം 5 വർഷത്തേക്ക് കൂടി നീട്ടി കേന്ദ്രസർക്കാർ. രാജ്യത്തിൻറെ പരമാധികാരത്തിനും പ്രാദേശിക അഖണ്ഡതയ്ക്കും സംഘടന ഭീഷണിയായി തുടരുന്ന സാഹചര്യത്തിലാണ് ആഭ്യന്തര മന്ത്രാലയത്തിന്റെ തീരുമാനം. ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയ്ക്ക്, എൽ.ടി.ടി.ഇ ഗുരുതരമായ ഭീഷണി ഉയർത്തിയതാണ് നിരോധനത്തിന് കാരണമെന്നും ആഭ്യന്തര മന്ത്രാലയം ചൂണ്ടിക്കാട്ടി.

*********************************************

## NTA

കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് ഇന്ന്മുതൽ ഈ മാസം 18 വരെ നടക്കും. ഇന്ത്യയ്ക്ക് പുറത്തുള്ള 26 നഗരങ്ങൾ ഉൾപ്പെടെ 379 നഗരങ്ങളിലാണ് പരീക്ഷ നടക്കുന്നത്. അതേസമയം ഡൽഹിയിലെ കേന്ദ്രങ്ങളിൽ ഇന്ന് നടത്തേണ്ടിയിരുന്ന പരീക്ഷ മാറ്റിവച്ചതായി NTA അറിയിച്ചു. ഈ മാസം 29-ാാം തീയതിയിലേക്കാണ് പരീക്ഷ മാറ്റിയത്. പുതുക്കിയ അഡ്മിറ്റ് കാർഡുകൾ പിന്നീട് NTA യുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

**********************************************

## CYBER CRIME

സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് പരാതികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജനങ്ങൾ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് കേന്ദ്രത്തിൻറെ മുന്നറിയിപ്പ്. ഏതെങ്കിലും തരത്തിൽ സൈബർ തട്ടിപ്പുകൾക്കോ ഭീഷണികൾക്കോ ഇരയായാൽ സൈബർ ക്രൈം വിഭാഗവുമായി ബന്ധപ്പെടണമെന്ന് നിർദ്ദേശമുണ്ട്. ഇത്തരത്തിലുള്ള ഫോൺ കോളുകളോ ഇ മെയിലുകളോ ലഭിച്ചാൽ ഉടൻ സൈബർ ക്രൈം ഹെൽപ് ലൈൻ നമ്പറായ 1930 എന്ന നമ്പറിലോ www.cybercrime.gov.in എന്ന വെബ് സൈറ്റുമായോ ബന്ധപ്പെടണം.

**********************************************

## FAKE CALL WARNING

മൊബൈൽ നമ്പറുകൾ വിച്ഛേദിക്കപ്പെടുമെന്ന തരത്തിലുള്ള വ്യാജ ഫോൺ കോളുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര സർക്കാർ. സർക്കാർ ഉദ്യോഗസ്ഥരെന്ന വ്യാജേന വിദേശത്ത് നിന്ന് വരുന്ന വാട്ട്സ്ആപ്പ് കോളുകൾക്കെതിരെയും ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്. അത്തരം സന്ദേശങ്ങളോ ഫോൺ കോളുകളോ ലഭിച്ചാൽ സൈബർ ക്രൈം ഹെൽപ്പ് ലൈൻ നമ്പറായ 1930 ൽ അറിയിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു.

**********************************************

## MAOISTS CHHATTISGARH

ഛത്തീസ്ഗഡിലെ ബിജാപുർ ജില്ലയിൽ ഇന്നലെ 30 മാവോയിസ്റ്റുകൾ സുരക്ഷാസേനയ്ക്ക് മുന്നിൽ കീഴടങ്ങി. ഇതിൽ ഒൻപത് പേരെ കണ്ടെത്താൻ സഹായിക്കുന്നവർക്ക് സർക്കാർ 39 ലക്ഷം രൂപ പ്രതിഫലം പ്രഖ്യാപിച്ചിരുന്നു. ഈ വർഷം ജനുവരി മുതൽ ഇതുവരെ ബിജാപുർ ജില്ലയിൽ 180 മാവോയിസ്റ്റുകളെയാണ് അറസ്റ്റ് ചെയ്തത്. ഈ കാലയളവിൽ എഴുപത് പേർ കീഴടങ്ങുകയും ചെയ്തിരുന്നു.

*******************************************

## HEADLINE -3

## DRIVING SCHOOL – MEETING

കേരളത്തിൽ ഡ്രൈവിംഗ് സ്കൂൾ ഉടമകളുടെ വിവിധ യൂണിയനുകളുമായി സർക്കാർ ഇന്ന് ചർച്ച നടത്തും. വൈകുന്നേരം 3 മണിക്ക് ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാറിൻറെ നേതൃത്വത്തിലാണ് ചർച്ച. ഡ്രൈവിംഗ് ടെസ്റ്റിൽ വരുത്തിയ പരിഷ്കരണത്തെ ചൊല്ലി, ഡ്രൈവിംഗ് സ്കൂൾ ഉടമകൾ പ്രതിഷേധം തുടരുന്നതിനാൽ സംസ്ഥാനത്ത് പലയിടത്തും ടെസ്റ്റ് തടസപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ് ചർച്ച.

*******************************************

## VEENA GEORGE

കേരളത്തിൽ മഞ്ഞപ്പിത്തം പടരുന്ന സാഹചര്യത്തിൽ അതീവ ജാഗ്രത പാലിക്കണമെന്ന് മന്ത്രി വീണാ ജോർജ്. മലപ്പുറം, എറണാകുളം, കോഴിക്കോട്, തൃശൂർ ജില്ലകളിൽ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാൻ മന്ത്രി നിർദേശം നൽകി. മലപ്പുറം ചാലിയാർ, പോത്തുകൽ പ്രദേശങ്ങളിൽ സ്വീകരിച്ചിരുന്ന പ്രതിരോധ-അവബോധ പ്രവർത്തനങ്ങൾ വിലയിരുത്തി കർമപദ്ധതി രൂപീകരിച്ചു

*******************************************

## MILMA

മിൽമ തിരുവനന്തപുരം യൂണിയന് കീഴിൽ തൊഴിലാളികൾ നടത്തിവന്ന സമരം പിൻവലിച്ചു. സമരത്തിൽ നിന്ന് എല്ലാ യൂണിയനുകളും പിന്മാറി. ഇന്ന് ബോർഡ് യോഗം ചേർന്ന് തൊഴിലാളികളുടെ ആവശ്യത്തിൽ തീരുമാനമെടുക്കും. ഉയർന്ന ഉദ്യോഗസ്ഥർക്ക് മാത്രം പ്രമോഷൻ നൽകുന്നുവെന്ന് ആരോപിച്ചാണ് ഐഎൻടിയുസി-സിഐടിയു യൂണിയനുകൾ മിന്നൽ പണിമുടക്ക് നടത്തിയത്. തിരുവനന്തപുരം കൊല്ലം, പത്തനംതിട്ട ആലപ്പുഴ ജില്ലകളിലാണ് സമരം നടന്നത്.

*********************************************

## INDIA – NORWAY FOC

പതിനൊന്നാമത് ഇന്ത്യ - നോർവേ വിദേശകാര്യാലയ സംവാദം ഇന്നലെ ന്യൂഡൽഹിയിൽ നടന്നു. പുനരുപയോഗ ഊർജം, കാലാവസ്ഥയും പരിസ്ഥിതിയും, ബഹിരാകാശ സഹകരണം, സംസ്കാരം തുടങ്ങിയ മേഖലകളിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ചർച്ചയായി. സമുദ്ര, നാവിക മേഖലകൾ ഉൾപ്പെടെയുള്ളവയുടെ സുസ്ഥിര വികസനത്തിന്, ഇന്ത്യയും നോർവെയും തമ്മിൽ ബ്ലൂ ഇക്കണോമിയിലെ സഹകരണം ശക്തിപ്പെടുത്തുമെന്ന് വിദേശകാര്യ മന്ത്രാലയം പറഞ്ഞു.

*********************************************

## HEADLINE -4

## ISRAELI PUSH–RAFAH

തെക്കൻ ഗസയിലെ റഫയിൽ ആക്രമണം ശക്തമാക്കി ഇസ്രായേൽ. ദശലക്ഷക്കണക്കിന് ആളുകൾ അഭയം പ്രാപിച്ചിരിക്കുന്ന ജനവാസ മേഖലകളിലേക്ക് ഇസ്രായേൽ സൈന്യം എത്തിയതായാണ് വിവരം. വടക്കൻ ഗാസയിലെ ജബാലിയയിലും ഇസ്രായേലിൻറെ ശക്തമായ ആക്രമണം തുടരുകയാണ്. അതേസമയം, ഇസ്രായേൽ സൈനിക വ്യൂഹത്തിനു നേരെ പ്രത്യാക്രമണം നടത്തിയതായി ഹമാസിന്റെ സായുധ വിഭാഗം അറിയിച്ചു. റഫയിലെ കടന്നാക്രമണവുമായി ബന്ധപ്പെട്ട് അടിയന്തര നടപടി ആവശ്യപ്പെട്ട് ദക്ഷിണാഫ്രിക്ക

മുന്നോട്ടു വച്ച ഹർജി നാളെയും മറ്റന്നാളുമായി അന്താരാഷ്ട്ര നീതിന്യായ കോടതി ചർച്ച ചെയ്യും.

*********************************************

## HEADLINE -5

## IPL CRICKET

ഐപിഎല്ലിൽ ലഖ്നൗ സൂപ്പർജയൻറ്സിനെതിരെ ഡൽഹി ക്യാപ്പിറ്റൽസിന് 19 റൺ ജയം. ഡൽഹി ഉയർത്തിയ 209 റൺ വിജയലക്ഷ്യം പിന്തുടർന്ന ലഖ്നൗവിന് നിശ്ചിത 20 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 189 റൺ എടുക്കാനേ സാധിച്ചുള്ളു. ഡൽഹിക്കായി ഇഷാന്ത് ശർമ 3 വിക്കറ്റ് വീഴ്ത്തി. ഇന്ന് രാജസ്ഥാൻ റോയൽസ് പഞ്ചാബ് കിംഗ്സിനെ നേരിടും. വൈകുന്നേരം 7.30ന് ഗുവാഹത്തിയിലെ ACA സ്റ്റേഡിയത്തിലാണ് മത്സരം.

*********************************************

## FIH HOCKEY- EUROPEAN TOUR

എഫ്ഐഎച്ച് ഹോക്കി പ്രോ ലീഗിൻറെ യൂറോപ്യൻ ലീഗിൽ പങ്കെടുക്കുന്നതിനായി ഇന്ത്യൻ പുരുഷ ഹോക്കി ടീം ബെൽജിയത്തിലെ ആൻറ് വെർപ്പിലേക്ക് പുറപ്പെട്ടു. ജൂലൈയിൽ നടക്കുന്ന പാരീസ് ഒളിമ്പിക്സിനുള്ള തയ്യാറെടുപ്പിൻറെ മുന്നോടിയായാണ് ഇന്ത്യൻ ടീം ഈ ടൂർണമെൻറിനെത്തുന്നത്. ഈ മാസം 22 ന് അർജൻറീനയ്ക്കെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം. തുടർന്ന് മെയ് 23, 25 തീയതികളിൽ ബെൽജിയത്തിനെ നേരിടും. മെയ് 26 ന് വീണ്ടും അർജൻറീനയുമായി ഏറ്റുമുട്ടും. ജൂൺ 1, 8 തീയതികളിൽ ലണ്ടനിൽ നടക്കുന്ന മത്സരങ്ങളിൽ ജർമ്മനിയെയും ജൂൺ 2, 9 തീയതികളിൽ ബ്രിട്ടനെയും ഇന്ത്യ നേരിടും.

*********************************************

## PEOPLE TRAPPED- IN MINE

രാജസ്ഥാനിലെ നീം കാ താന ജില്ലയിൽ, ഹിന്ദുസ്ഥാൻ കോപ്പർ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കോലിഹാൻ ഖനിയിൽ ലിഫ്റ്റ് തകർന്ന് 14 പേർ കുടുങ്ങിയതായി റിപ്പോർട്ട്. ഉദ്യോഗസ്ഥരും വിജിലൻസ് ടീമിലെ അംഗങ്ങളും ഉൾപ്പെടെയുള്ളവരുമാണ് അപകടത്തിൽപ്പെട്ടത്. ഇന്നലെ രാത്രിയാണ് സംഭവം.

കുടുങ്ങിക്കിടക്കുന്ന ഉദ്യോഗസ്ഥരെ പുറത്തെത്തിക്കാനുള്ള രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണെന്നും ഇവരുടെ അടുത്തേക്ക് രക്ഷാസംഘം എത്തിയിട്ടുണ്ടെന്നും പൊലീസ് അറിയിച്ചു.

********************************************

## RAIN KERALA

കേരളത്തിൽ ഇന്ന് ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

********************************************

******************************

*******************